**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് — പഞ്ചായത്ത് ജീവനക്കാര്യം — മലപ്പുറം ജില്ല — തലക്കാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. ടി.പി. സരസ്വതിക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി — ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.3107/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 22.09.2017

==========================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 11.07.2013-ലെ ഇ 10-(എസ് സി 13/2013/എംപിഎം) 13176/2013 നമ്പർ കത്ത്

2. വിജിലൻസ് (ഇ) വകുപ്പിന്റെ 04.10.2013-ലെ 9055/ഇ 1/13/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 28.12.2013-ലെ 72361/ഇപിബി3/13/തസ്വഭവ നമ്പർ കുറ്റപത്രം
4. കുറ്റപത്രത്തിന് ശ്രീമതി. ടി.പി. സരസ്വതി സമർപ്പിച്ച തീയതി രേഖപ്പെടുത്താത്ത പ്രതിവാദ പത്രിക
5. പഞ്ചായത്ത് ഡയറക്ടറുടെ 22.09.2014-ലെ ഡി4-4503/2014 നമ്പർ കത്ത്

**ഉത്തരവ്**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഓപ്പറേഷൻ "wet land" എന്ന പേരിൽ മലപ്പുറം ജില്ലയിലെ തലക്കാട് വില്ലേജ് ഓഫീസിലും, വില്ലേജ് ഓഫീസ് പരിധിയിലെ സ്ഥലങ്ങളിലും പരിശോധന നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ മലപ്പുറം ജില്ലയിലെ തലക്കാട് ഗ്രാമപഞ്ചായത്തിലെ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതും 163/3, 290/5 എ, 170/1 സർവ്വേ നമ്പറിൽപ്പെട്ടതുമായ നെൽവയൽ നികത്തിയതായും അനധികൃത കെട്ടിട നിർമ്മാണം നടത്തിയതായും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ തലക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി. ടി.പി. സരസ്വതിക്കെതിരെ കുറ്റപത്രം നൽകി പരാമർശം (3) പ്രകാരം അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീമതി. ടി.പി. സരസ്വതി പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

163/3 നമ്പർ സർവ്വേയിൽ ഉൾപ്പെട്ട 10 സെന്റ് ഭൂമി നികത്തുന്നതിന് ഉടമസ്ഥനായ ശ്രീ. പാറപ്പുറത്ത് മുഹമ്മദ് മുസ്തഫ എന്നയാൾക്ക് ജില്ലാ കളക്ടർ അനുമതി നൽകിയിട്ടുള്ളതായും സർവ്വേ നമ്പർ 290/5 എ-യിൽ ഉൾപ്പെട്ടതും ശ്രീ. കോടേരി വളപ്പിൽ ഷിഹാബുദ്ദീൻ എന്നവരുടെ ഉടമസ്ഥതയിലുള്ളതുമായ 15 സെന്റ് നിലം നികത്തി കെട്ടിടം

പണി ആരംഭിച്ചത് നിർത്തി വയ്ക്കുന്നതിന് കൃഷി ഓഫീസർ ബഹു. മഞ്ചേരി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ പെറ്റീഷൻ ഫയൽ ചെയ്തിരുന്നതായും 170/1 നമ്പർ സർവ്വേ നമ്പറിൽ ഉൾപ്പെട്ട സ്ഥലത്ത് കെട്ടിട നിർമ്മാണങ്ങൾ നടക്കുന്നത് പഞ്ചായത്തിന്റെ അറിവോടെയല്ലെന്നും ഐ.എ.വൈ. ഭവന പദ്ധതിയിൽ ടി വീടുകൾക്ക് ധനസഹായം അനുവദിച്ചത് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറാണെന്നും ടിയാളുകൾ എവിടെയാണ് വീട് നിർമ്മാണം നടത്തുന്നതെന്ന് പഞ്ചായത്തിന് അറിയില്ലെന്നും ഗുണഭോക്താക്കൾക്ക് വീട് നിർമ്മാണത്തിന് പഞ്ചായത്ത് അനുമതി നൽകിയിട്ടില്ലെന്നും ശ്രീമതി. സരസ്വതി അറിയിക്കുകയുണ്ടായി.

ഇതു സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ റീസർവ്വേ 169/3-ൽ ഉൾപ്പെട്ട 10 സെന്റ് ഭൂമി നികത്തുന്നതിന് ഉടമസ്ഥനായ ശ്രീ. പാറപ്പുറത്ത് മുഹമ്മദ് മുസ്തഫ എന്നവർക്ക് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയതുമായി ബന്ധപ്പെട്ട ഫയൽ മാത്രമാണ് പരിശോധനയ്ക്കായി ലഭിച്ചതെന്നും ആയതിൽ 10 സെന്റ് ഭൂമി നികത്തുന്നതിന് ഉടമസ്ഥന് ജില്ലാ കളക്ടർ അനുമതി നൽകിയിട്ടുള്ളതായി കാണുന്നുവെന്നും എന്നാൽ ടിയാൻ 40 സെന്റോളം ഭൂമി നികത്തിയെന്നതാണ് കുറ്റപത്രത്തിലെ പരാമർശമെന്നും നികത്താൻ അനുമതിയുള്ള സ്ഥലത്താണ് വീട് നിർമ്മാണത്തിന് അനുമതി നൽകിയിട്ടുള്ളതായി കാണുന്നതെന്നും ടി സർവ്വേയിലെ 50 സെന്റ് നേരത്തെ തരം മാറ്റിയിട്ടുള്ളതായും ആയതിനാൽ ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിന് പ്രദേശിക നിരീക്ഷണ സമിതി തീരുമാനമെടുത്തിട്ടുമുണ്ടെന്നും, സർവ്വേ നമ്പർ 290/5 എ-യിൽ ഉൾപ്പെട്ട ഭൂമിയിലെ കെട്ടിടം പണി നിർത്തി വയ്പ്പിക്കുന്നതിന് കൃഷി ഓഫീസർ തന്നെ നടപടി സ്വീകരിച്ചിട്ടുള്ളതായും ആയതിനാലാണ് പഞ്ചായത്തിൽ നിന്നും നടപടി സ്വീകരിക്കാതിരുന്നതെന്ന് സർവ്വേ നമ്പർ 170/1-ൽ ഉൾപ്പെട്ട സ്ഥലത്ത് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകാതെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയതിന് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും അനധികൃത കെട്ടിട നിർമ്മാണത്തിനെതിരെ സെക്രട്ടറി നടപടി സ്വീകരിച്ചതായി കാണുന്നില്ലെന്നും കെട്ടിട നിർമ്മാണ അനുമതിയില്ലാതെ ഭവന നിർമ്മാണ ആനുകൂല്യം നൽകിയതിൽ ഐ.എ.വൈ. നിർവ്വഹണ ഉദ്യോഗസ്ഥനായ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറുടെയും നിർവ്വഹണ ചുമതലകൾ നിർവ്വഹിക്കുന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെയും അനധികൃ കെട്ടിട നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കാത്ത സെക്രട്ടറിയുടെയും ഭാഗത്ത് വീഴ്ചകൾ വന്നിട്ടുള്ളതായി കാണുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ അനധികൃത വയൽ നികത്തലിനെതിരെ നടപടി സ്വീകരിക്കേണ്ടത് വില്ലേജ് ഓഫീസിൽ നിന്നായതിനാലും മെമ്മോയിൽ പരാമർശിച്ചിട്ടുള്ള വിഷയത്തിൽ നടപടി സ്വീകരിച്ചിട്ടുള്ളതിനാലും ഇക്കാര്യത്തിൽ സെക്രട്ടറിയുടെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതുമാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം ശ്രീമതി. ടി. പി. സരസ്വതി സമർപ്പിച്ച പ്രതിവാദ പത്രികയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. വയൽ നികത്തലിനെതിരെ സെക്രട്ടറി നടപടി സ്വീകരിച്ചിട്ടുള്ളതിനാൽ സെക്രട്ടറിയുടെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്ന പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിലും, കൂടാതെ ടിയാരി 31.05.2016-ന് സേവനത്തിൽ നിന്നും വിരമിച്ച സാഹചര്യം പരിഗണിച്ചും ശ്രീമതി. ടി.പി. സരസ്വതിക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്,**

അഡീഷണൽ സെക്രട്ടറി

1. ശ്രീമതി. ടി.പി. സരസ്വതി, മുൻ സെക്രട്ടറി, തലക്കാട് ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിജിലൻസ് (ഇ) വകുപ്പ്
   (16.08.2017-ലെ വിജ്-ഇ 4/140/2014-വിജ്. നമ്പർ യു.ഒ റിമാർക്സ് പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.72361/ഇപിബി3/2013/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ